(2) വടക്കാഞ്ചേരി എങ്കക്കാട് വാസുനായർ മകൻ രാജേഷ് കൊലചെയ്യപ്പെട്ട കേസ്സിലെ പ്രതികളെ കണ്ടെത്താൻ നടപടി

ശ്രീ. എ. സി. മൊയ്തീൻ: സർ, വടക്കാഞ്ചേരി എങ്കക്കാട് കിഴുവേലി വാസുനായരുടെ മകൻ രാജേഷ് കൊലചെയ്യപ്പെട്ടിട്ട് 7 മാസം ആകുകയാണ്. ജൂലൈ മാസം 17-ാം തീയതിയാണ് വടക്കാഞ്ചേരി പട്ടണത്തിനടുത്ത് പുഴയിൽ അതിമൃഗീയമായ രീതിയിൽ വാളുകൊണ്ട് വെട്ടി പരിക്കേൽപ്പിച്ച് കൊല ചെയ്യപ്പെട്ട നിലയിൽ മൃതദേഹം കണ്ടത്. ലോക്കൽ പോലീസിന്റെ അന്വേഷണം ഏതാണ്ട് നിർത്തിവെച്ച മട്ടിലാണ്. പ്രതികളെ ആരെയും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ കൊലപാതകവുമായി ബന്ധപ്പെട്ട് സംശയിച്ചിരുന്ന സതീശൻ എന്നുപറയുന്ന ഒരാളെ കസ്റ്റഡിയിൽ എടുത്തിരുന്നു. ഉന്നതരായ ഭരണകക്ഷി നേതാക്കൾ ഇടപെട്ട് അന്നുതന്നെ അയാളെ വിടുവിച്ചു കൊണ്ടുപോയി എന്നാണ് ലോക്കൽ പോലീസ് പറഞ്ഞത്. കൊലപാതകത്തിൽ പങ്കുണ്ടെന്നുപറഞ്ഞ് കസ്റ്റഡിയിൽ എടുത്തിരുന്ന സതീശൻ പിറ്റെ ദിവസം ആത്മഹത്യ ചെയ്തു. പോലീസിനും, നാട്ടുകാർക്കും, പത്രക്കാർക്കുമൊക്കെ, പോലീസ് പീഡിപ്പിക്കുന്നുവെന്ന് കത്തെഴുതിവെച്ചിട്ടാണ് കൊലപാതകത്തിൽ പങ്കുണ്ടായിരുന്ന സതീശൻ ആത്മഹത്യ ചെയ്തത്. രാജേഷ് ധരിച്ചിരുന്ന മോതിരം ഒരു പണമിടപാട് സ്ഥാപനത്തിൽ നിന്നും പോലീസ് കണ്ടെടുത്തിട്ടുണ്ട്. ആത്മഹത്യ ചെയ്ത സതീശന്റെ രക്തക്കറ പുരണ്ട മോട്ടോർബൈക്ക് മറ്റൊരു സ്ഥലത്തുനിന്ന് നാട്ടുകാർ വിവരമറിയിച്ചതനുസരിച്ച് പോലീസ് കസ്റ്റഡിയിലെടുക്കുകയുണ്ടായി. പക്ഷേ ആറുമാസത്തിനുശേഷവും പോലീസിന്റെ അന്വേഷണം വഴിമുട്ടി നിൽക്കുകയാണ്. നിരവധി തെളിവുകൾ ഉണ്ടായിട്ടും ചെറുപ്പക്കാരനായ ഒരാളെ വേറെ ഏതോ സ്ഥലത്ത് കൊല ചെയ്ത സംഭവത്തിൽ ഉത്തരവാദികളായ പ്രതികളിൽ ഒരാളെ കസ്റ്റഡിയിൽ എടുത്തിട്ടും ഭരണകക്ഷികളുടെ ഇടപെടലിന്റെ ഭാഗമായി വിട്ടുകൊണ്ടുപോയി. നാട്ടുകാർ ഉന്നയിച്ച സംശയം പോലെ ഈ കേസ് തെളിയിക്കപ്പെടാൻ കഴിയാത്ത അവസ്ഥയിലേക്ക് നീണ്ടു പോകുകയാണ്. ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാത്തതുകൊണ്ട് ക്രൈം ബ്രാഞ്ചിനെകൊണ്ടോ ഉന്നതരായ പോലീസ് ഉദ്യോഗസ്ഥരെകൊണ്ടോ കേസ് അന്വേഷണം ത്വരിതപ്പെടുത്തണമെന്നും കൊലപാതക കേസ്സിലെ പ്രതികളെ കണ്ടെത്തി നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിയുടെ ചുമതല വഹിക്കുന്ന ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, തൃശ്ശൂർ വടക്കാഞ്ചേരി എങ്കക്കാട് വാസുനായരുടെ മകൻ 34 വയസ്സുള്ള രാജേഷിനെ 2006 ജൂലൈ മാസം17-ാം തീയതി വടക്കാഞ്ചേരി ടൗണിൽ താലൂക്ക് ആഫീസിനു സമീപമുള്ള ചാലിപ്പാടംതോട്ടിൽ മലയ്ക്കും കഴുത്തിനും വെട്ടേറ്റ നിലയിൽ മരിച്ചുകിടക്കുന്നതായിട്ടാണ് കണ്ടത്. ഇക്കാര്യത്തിൽ ഇന്ത്യൻ ശിക്ഷാ നിയമം 302-ാം വകുപ്പ് പ്രകാരം ക്രൈം 392-ാം

LIBRARY ARCHIVES Kerala Legislative Assembly

നമ്പരായി വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ ഒരുകേസ് രജിസ്റ്റർ ചെയ്തു. പ്രേത വിചാരണാ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം മൃതശരീരം തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം പരിശോധന നടത്തി. ഒരു സ്വകാര്യ കമ്പനിയിൽ ജോലി നോക്കിയിരുന്ന സി. പി. ഐ. (എം.) പ്രവർത്തകനായ രാജേഷ് കൊലചെയ്യപ്പെടാനിടയായ സാഹചര്യത്തെക്കുറിച്ച് ഇതിനോടകം 60-ൽപ്പരം ആളുകളോട് ചോദിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതാണ്. ഇത്തരത്തിൽ നടത്തിയ അന്വേഷണമധ്യേ എങ്കക്കാട് പാതയിൽ വീട്ടിൽ സതീശൻ എന്ന ആളെ ഈ കേസ്സുമായി ബന്ധപ്പെട്ട് പോലീസ് സംശയിക്കുകയും അയാളെ നിരീക്ഷിച്ച് അന്വേഷണം നടത്തി വരവേ അയാൾ ആത്മഹത്യ ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് വിശദമായ അന്വേഷണത്തിലൂടെ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പാറയിൽ വീട്ടിൽ സതീശനെ പ്രതി ചേർത്ത് കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വടക്കാഞ്ചേരി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീം രൂപീകരിച്ച് അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. ഈ കേസ് കാര്യമായി അന്വേഷിക്കുന്നതിന് തീർച്ചയായും നിർദ്ദേശം കൊടുക്കുന്നതാണ്.

(3) തൊടുപുഴ റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, തൊടുപുഴ പട്ടണത്തിൽ ഏകദേശം 11 കോടി രൂപ ചെലവ് ചെയ്ത് നിർമ്മിക്കുന്ന 8 നിലകളുള്ള റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കെ ഇന്നലെ ഉച്ചക്കുശേഷം കുറെ സാമൂഹ്യ വിരുദ്ധൻമാർ ആ സൈറ്റിൽ കയറി ബലമായി പണി തടസ്സപ്പെടുത്തുകയും അവിടെ ഉണ്ടായിരുന്ന തൊഴിലാളികളെ തല്ലിയോടിക്കുകയും ചെയ്തു. സംഭവത്തെ തുടർന്ന് ഓടിയ രണ്ട് തൊഴിലാളികൾ പുഴയിൽ ചാടുകയും മരണത്തിൽ നിന്ന് കഷ്ടിച്ച് രക്ഷപ്പെടുകയും ചെയ്തു. പോലീസുകാരെ കല്ലെറിയുകയും മുനിസിപ്പൽ കൗൺസിലർമാരായ ജാഫർഖാൻ, മുഹമ്മദ് ഹാരീബ് എന്നിവരെ മൃഗീയമായി മർദ്ദിക്കുകയും ചെയ്യുകയുണ്ടായി. ഈ സാമൂഹ്യ വിരുദ്ധൻമാർ ശ്രീ. പി. ജെ. ജോസഫിന്റെ പാർട്ടിയുടെ ആളുകളാണ് എന്നുള്ളതാണ് ഏറ്റവും ഖേദകരം. റവന്യൂ ടവർ അവിടെ പണിയാതിരിക്കാൻ വേണ്ടി നടത്തുന്ന ഏറ്റവും ബോധപൂർവ്വമായ ഒരു ശ്രമമാണ് ഇത്. ഈ സംഭവത്തിന് ഉത്തരവാദികളായ മുഴുൻ ആളുകളുടെയും പേരിൽ ശക്തമായ നടപടി സ്വീകരിക്കുകയും കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരികയും ചെയ്യണം. അവിടെ സമരം നടത്തിയവരിൽ ഒന്നുരണ്ടു പേർ സർക്കാർ ഉദ്യോഗസ്ഥരാണെന്നുള്ള വിവരവും കിട്ടിയിട്ടുണ്ട്. അങ്ങനെ സർക്കാരിൽനിന്ന് ശമ്പളം പറ്റിക്കൊണ്ട് ഇത്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനം നടത്തുന്ന ആളുകളുടെ മേൽ ശക്തമായ നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly